## പള്ളിക്കൂദാശാക്കാലം ഒന്നാം ഞായർ

**മത്താ 16:13–19**

### ഭാഗ്യവാന്മാരാകാൻ

**റവ.ഡോ. ജോസ് ഓലിയപ്പുറം**

ആരാധനക്രമവത്സപ്രകാരം പള്ളിക്കൂദാശാക്കാലം ഒന്നാം ഞായറാണിത്. തിരുസഭാമാതാവ് ഇന്നു നമ്മുടെ പരിചിന്തനത്തിനു നല്കിയിരിക്കുന്ന സുവിശേഷഭാഗം മത്തായി 16:13–19 പത്രോസിന്റെ വിശ്വാസപ്രഖ്യാപന സംഭവമാണ്. മർക്കോസിന്റെ സുവിശേഷത്തിലും (മർക്കോ 8:27–30) ലൂക്കായുടെ സുവിശേഷത്തിലും (9:18–21) ഈ സംഭവ വിവരണമുണ്ട്. യേശുവിനെക്കുറിച്ച് ജനങ്ങളുടെ ഇടയിലുള്ള ധാരണകളും തെറ്റിധാരണകളും ചൂണ്ടിക്കാണിക്കുന്നതിനോടൊപ്പം ഒരു ശിഷ്യന്റെ കണ്ണിൽ അല്ലെങ്കിൽ ഒരു അപ്പസ്തോലന്റെ കണ്ണിൽ യേശു ആരാണ്/ആരായിരിക്കണം എന്ന് ഈ സംഭവ വിവരണം ചൂണ്ടിക്കാണിക്കുന്നു. എപ്രകാരമാണ് യേശു ആരെന്നറിയാൻ സാധിക്കുന്നത് എന്നും ഈ വിവരണത്തിന്റെ ഒടുവിൽ പറയുന്നുണ്ട്.

ചരിത്രസംഭവമന്നെ രൂപേണ സ്ഥലവും സമയവുമെല്ലാം പറഞ്ഞാണ് വിവരണം. ഗലീലിക്കടലിന്റെ തീരത്തുള്ള ഒരു ഉയർന്ന സ്ഥലത്തു വന്ന് (മത്താ 15:29) അവിടെ തന്റെ ശുശ്രൂഷകൾ നിർവഹിക്കുന്നതിനിടയിൽ ഫരിസേയരും സദുക്കായരും തമ്മിലുണ്ടായ സംവാദവും അതിനുശേഷം അവിടെ നിന്നും യേശു മറുകരയിലേക്കു പോകുന്നതു വരെയുള്ള കാര്യങ്ങൾ പറഞ്ഞതിനു ശേഷമാണ് കേസറിയ ഫിലിപ്പി പ്രദേശത്ത് എത്തിയ കാര്യം പറയുന്നത്. റോമൻ ആധിപത്യത്തിലായിരുന്ന പലസ്തീനയുടെ ഭൂമിയുടെ കിടപ്പനുസരിച്ച് ഇസ്രായേൽ ഗോത്രങ്ങൾക്കു വീതിച്ചുകിട്ടിയ സ്ഥലങ്ങളുടെയെല്ലാം സ്ഥാനം കഴിഞ്ഞ് ഗലീലി തടാകത്തിനും വടക്ക് ഹെർമോനിലേക്കുള്ള മാർഗങ്ങളിലാണ് ഈ പ്രദേശം. യേശു ടയിറിലും സീദോനിലും ദൈവരാജ്യശുശ്രൂഷ നടത്തുന്നതായി മത്തായി സുവിശേഷകൻ പറയുന്നുണ്ട്. എന്നാൽ കേസറിയ ഫിലിപ്പിയിൽ എന്തിനാണ് യേശു വന്നത് എന്നതിന് ഇവിടെയോ മറ്റു സ്ഥലങ്ങളിലോ വിശദീകരണങ്ങൾ ഒന്നുമില്ല.

ഈ വിവരണത്തിലെ പ്രധാന ചിന്ത മനുഷ്യപുത്രൻ/യേശു ആരെന്ന ചോദ്യമാണ്. ഇവിടെ യേശു തന്നെയാണ് ശിഷ്യരോടു ഇക്കാര്യം അന്വേഷിക്കുന്നത്. ജനങ്ങൾ എന്തു പറയുന്നു എന്ന ചോദ്യത്തിന് സ്നാപകയോഹന്നാൻ, പ്രവാചകന്മാരിൽ ഒരുവൻ അല്ലെങ്കിൽ ജറെമിയ എന്നിങ്ങനെ വിവിധ ഉത്തരങ്ങളാണ് ശിഷ്യന്മാർ പറയുന്നത്. യേശു ജീവിച്ചിരുന്നതും പ്രവർത്തിച്ചിരുന്നതുമായ കാലത്ത് ഒരു പക്ഷേ ജനങ്ങൾ അവരുടെ മനസ്സിൽ തങ്ങിനിന്നിരുന്ന ചില ഓർമ്മകൾ യേശുവിന്റെ പ്രവർത്തനങ്ങളുടെ വെളിച്ചത്തിൽ അവനിൽ ആരോപിച്ചതാകാം. അതുമല്ലെങ്കിൽ അക്കാലത്തു തന്നെ അവനെ പൂർണമായി ഉൾക്കൊള്ളാൻ കഴിയാതിരുന്ന ഒരു സമൂഹത്തിന്റെ ചിന്തകളുടെ വെളിപ്പെടുത്തലുമാകാം. എന്തുതന്നെയായാലും യേശുവിന്റെ മുന്നോടിയായി വന്ന് സാക്ഷ്യയായി നിലകൊണ്ട യോഹന്നാനും ഇസ്രായേലിന്റെ കഷ്ടപ്പാടിന്റെയും തകർച്ചയുടെയും കാലത്ത് ഇസ്രായേൽ സമൂഹത്തെ ദൈവത്തിൽ ഉറപ്പിച്ചു നിറുത്താൻ യാതനകളും അതോടൊപ്പം നിന്ദനങ്ങളും ഒരുപോലെ സഹിച്ച ജെറമിയായും യേശുവിന്റെ പ്രതിബിംബമായി അവർക്കനുഭവപ്പെട്ടു. പ്രവാചകചൈതന്യവും ശബ്ദവും അവനിൽ ഉണ്ടായിരുന്നതിനാൽ അവൻ ദൈവപുരുഷനാണെന്ന് പ്രാരംഭം മുതൽ തന്നെ അവർക്കു ബോധ്യമുണ്ടായിരുന്നു എന്നതിനു തെളിവാണ് ഈ ഉത്തരങ്ങൾ.

രണ്ടു ചോദ്യങ്ങളാണ് ശിഷ്യന്മാരോട് യേശു ചോദിച്ചത്. ഒന്നാമത്തേത് മേൽസൂചിപ്പിച്ചതുപോലെ പൊതുഅഭിപ്രായം എങ്ങനെയെന്നാണ്. എന്നാൽ രണ്ടാമത്തെ ചോദ്യം ശിഷ്യന്മാരോട് പ്രത്യേകമായി ചോദിക്കുന്നതാണ്. അവിടെ ചോദിക്കുന്ന മാതൃകയും വ്യത്യസ്തമാണ്. ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്? വളരെ വ്യക്തിപരവും ഹൃദയാടുപ്പവുമുള്ള സാരവത്തായ ചോദ്യമാണത്. ഈ ചോദ്യത്തിനു മറുപടി പറഞ്ഞയാളിന്റെ പേര് സുവിശേഷഗ്രന്ഥ കർത്താവ് പറയുന്നുണ്ട്. ഒരു പക്ഷേ പത്രോസാണ് ഇതിന് ഉത്തരം പറയാൻ യോഗ്യൻ എന്ന് സുവിശേഷകൻ ചിന്തിച്ചിട്ടുണ്ടാകണം. കാരണം നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ് എന്ന വിശ്വാസപ്രഖ്യാപനം ശിഷ്യന്മാരുടെ പ്രതിനിധി എന്ന രീതിയിൽ പത്രോസിനെക്കൊണ്ട്

പറയിപ്പിച്ചതാണ് എന്നു ബൈബിൾ പണ്ഡിതന്മാർ പറയുന്നുണ്ട്. മാത്രമല്ല, വിശുദ്ധ ഗ്രന്ഥ ദൈവശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിൽ പത്രോസ് പറയുന്ന ഈ വാക്കുകൾ ആദിമ ക്രൈസ്തവരുടെ യേശുവിലുള്ള ഉത്ഥാനാനന്തര വിശ്വാസത്തിന്റെ പ്രഘോഷണമാണെന്നും വ്യാഖ്യാനിക്കുന്നു. ഇപ്രകാരം ചിന്തിക്കുമ്പോൾ എല്ലാ കാലത്തെയും എല്ലാ ശിഷ്യഗണങ്ങളെയും പ്രതിനിധീകരിച്ചുകൊണ്ട് പത്രോസ് നടത്തുന്ന യേശുവിലുള്ള വിശ്വാസപ്രഖ്യാപനമാണിത്.

പത്രോസ് പറഞ്ഞ ഈ വാചകങ്ങൾക്കു മറുപടിയായി പത്രോസിനെ യേശു ശ്ലാഘിക്കുന്നതായി സുവിശേഷഗ്രന്ഥകാരൻ വിവരിക്കുന്നു. യേശു ആരാണെന്ന് ശിഷ്യപ്രതിനിധിയായ പത്രോസിന് മനസ്സിലായി എന്നും പത്രോസ് പറഞ്ഞ മറുപടി ശരിയാണെന്നും യേശുവിന്റെ മറുപടിയിൽ നിന്നും വ്യക്തമാണ്. ഒരു ക്രിസ്തുശിഷ്യൻ യേശുവിൽ എപ്രകാരമാണ് വിശ്വസിക്കേണ്ടതെന്നു പത്രോസെന്ന ശിഷ്യപ്രതിനിധിയിലൂടെ വ്യക്തമാക്കുകയാണ്. യേശു ദൈവപുത്രനാണ്, അവൻ പ്രവാചകനല്ല; വഴിയൊരുക്കാൻ വന്നവനുമല്ല. അവൻ വഴിയും സത്യവും ജീവനുമാണ്. ജീവനുള്ള ദൈവത്തിന്റെ പുത്രൻ/ക്രിസ്തു/മെസിയ/രക്ഷകൻ ആണ്. കർത്താവായ യേശുവിൽ ദൈവപുത്രനായ രക്ഷകനിൽ വിശ്വസിക്കുക, ആ വിശ്വാസം ഏറ്റുപറയുക അതാണ് രക്ഷ. അവിടുന്നിൽ ഒത്തുചേരുക അതാണ് നിത്യരക്ഷ.

യേശു പറയുന്നു. മേൽപറഞ്ഞ പ്രകാരം ജീവിക്കുന്ന ശിഷ്യനാണ് ഭാഗ്യം ചെയ്തവൻ. അവനിൽ ദൈവദാനമായ അധികാരവും അവകാശവും ഉണ്ടാകും. അവൻ മറ്റുള്ളവർക്കു മാതൃകയും സാക്ഷ്യവുമാകും. ദൈവകൃപയും അനുഗ്രഹവും അവനുണ്ടാകും.

മറ്റൊരു കാര്യവും ഈ സുവിശേഷഭാഗം സൂചിപ്പിക്കുന്നു. യേശുക്രിസ്തുവും ദൈവപുത്രനുമാണെന്ന് വിശ്വസിക്കുന്നവർ രക്ഷ പ്രാപിക്കുന്നു. പത്രോസ് നേതൃത്വമെടുത്ത് ഇക്കാര്യം എല്ലാവരെയും അറിയിക്കാനും ജീവിക്കാനും കടപ്പെട്ടിരിക്കുന്നുവെന്ന കാര്യവും വ്യക്തിമാക്കുന്നു. മത്തായി 16:18–19–ൽ പറയുന്ന കാര്യം ആദിമസഭയ്ക്കും തുടർന്നുവരുന്ന എല്ലാ സമൂഹങ്ങൾക്കും ഒരു സന്ദേശമാണ്. സ്വർഗരാജ്യത്തിന്റെ താക്കോൽ നല്കപ്പെടുന്നു എന്ന പരാമർശം ഒരു പക്ഷേ അധികാര കൈമാറ്റത്തെ സൂചിപ്പിക്കുന്നതാകാം. ഏശയ്യ 22:22 അപ്രകാരമൊരു സന്ദർഭത്തെ പ്രതീകാത്മകമായി സൂചിപ്പിക്കുന്നുണ്ട്. ക്രിസ്തുവിനാൽ നല്കപ്പെട്ട അധികാരമാണ് പത്രോസിനും അവന്റെ പിൻഗാമികളായി പരമ്പരാഗതമായി അറിയപ്പെടുന്നവർക്കുമുള്ളത്. അതിനെ മാനിക്കാനും പാലിക്കാനും ക്രിസ്തുവിനെ ജീവനുള്ള ദൈവത്തിന്റെ പുത്രനായി അംഗീകരിക്കാനും എല്ലാവർക്കും കഴിയണം.

ഇവിടെ ഇന്നത്തെ മറ്റു രണ്ടു വായനകൾ കൂടി (ഏശയ്യ 6:1–8; 1 കൊറി. 13:1–13) ചേർത്തു വായിക്കുന്നത് ഉചിതമാണ്. ക്രിസ്തുശിഷ്യനായ പത്രോസ് യേശുവിനെ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു/രക്ഷകൻ എന്ന് ഏറ്റുപറഞ്ഞു. സജീവനായ ദൈവം ആരാണെന്നുള്ള ചോദ്യത്തിന് ഉത്തരമായാണ് ഏശയ്യ 6:1–8 നമ്മുടെ മുന്നിൽ അവതരിപ്പിക്കുന്നത്. ഏശയ്യ പ്രവാചകനുണ്ടായ ദർശനം ദൈവത്തിന്റെ പരിശുദ്ധിയെയും മഹിമയെയും സജീവത്വത്തെയും ചിത്രീകരിക്കുന്നു. ഈ പരിശുദ്ധിയും മഹിമയും മനുഷ്യത്വത്തെയും ചിത്രീകരിക്കുന്നു. ഈ പരിശുദ്ധിയും മഹിമയും മനുഷ്യരൂപം പ്രാപിച്ചതാണ് ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ മിശിഹാ. പൗലോസ് അപ്പസ്തോലൻ കൊറിന്ത്യർക്കെഴുതിയ ഒന്നാം ലേഖനത്തിലെ 13:1–13 ഇവിടെ പ്രസക്തമാകുന്നത് മറ്റൊരു തരത്തിലാണ്. സ്നേഹം തന്നെയായ ദൈവം മനുഷ്യരൂപം പൂണ്ടതാണ് ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു. അങ്ങനെയെങ്കിൽ ക്രിസ്തു ഇന്ന് നമ്മോടൊപ്പം സജ്ജീവനായി ജീവിക്കുന്നത് സ്നേഹത്തിലൂടെയാണ്. ക്രിസ്തുശിഷ്യന്റെ അടയാളം സ്നേഹമാണ് എന്ന് വിശുദ്ധ പൗലോസ് പറയുമ്പോൾ പത്രോസ് പറഞ്ഞ നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ് എന്ന പ്രഘോഷണത്തെ പ്രായോഗികമാക്കി അവതരിപ്പിക്കുകയാണ് ചെയ്യുന്നത്.